# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5584 — 25.10.2011-ൽ മറുപടിയ്ക്ക്

## ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>,, ബെന്നി ബെഹനാൻ<br>,, വി. റ്റി. ബൽറാം<br>,, ഡൊമിനിക് പ്രസന്റേഷൻ | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണ്; | (എ) ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും, നിക്ഷേപ സമാഹരണത്തിനുമായി ടൂറിസം വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനമാണ് ടി.ആർ.കെ.എൽ. ഇതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി താജ്, ഒബ്റോയി തുടങ്ങിയ സംരംഭകരുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ടി.ആർ.കെ.എൽ ആരംഭിച്ചിട്ടുണ്ട്. താജ് ഗ്രൂപ്പുമായി ചേർന്നുള്ള സംയുക്ത സംരംഭമായി കൊച്ചി, കുമരകം, വർക്കല എന്നിവിടങ്ങളിൽ ഹോട്ടൽ പദ്ധതികൾ നടത്തി വരുന്നുണ്ട്. ഇതു കൂടാതെ പി.പി.പി. മാതൃകയിൽ ടൂറിസം വകുപ്പിന്റെ കൈവശമുള്ള ഭൂമി ഉപയോഗിച്ചു കൊണ്ട് വേളി, വർക്കല മുതലായ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ |

സ്വീകരിച്ചു വരികയാണ്. കൂടാതെ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ സരോവരം പദ്ധതി (ഒന്നാം ഘട്ടം), തളി പദ്ധതി, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സപര്യ പദ്ധതി മുതലായ വിവിധ ടൂറിസം പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായും ടി.ആർ.കെ.എൽ പ്രവർത്തിച്ചു വരുന്നു.

| | |
|---|---|
| (ബി) സംസ്ഥാനത്തെ വിനോദസഞ്ചാര പ്രോജക്ടുകളുടെ നടത്തിപ്പിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; | (ബി) ടൂറിസം പദ്ധതികളുടെ നടത്തിപ്പ് ടി.ആർ.കെ.എൽ. വഴി നിർവ്വഹിക്കുന്നില്ല. ടി.ആർ.കെ.എൽ. വഴി നടപ്പിലാക്കപ്പെടുന്ന സർക്കാർ പദ്ധതികൾ, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം സർക്കാർ നിർദ്ദേശിക്കുന്ന ഏജൻസിക്ക് കൈമാറുകയാണ് ചെയ്തു വരുന്നത്. |
| (സി) ടൂറിസം വ്യവസായത്തിന് നിക്ഷേപം സുഗമമാക്കുന്നതിനുള്ള പരിപാടികൾക്കായി പുതിയ പദ്ധതികൾ തയ്യാറാക്കുമോ? | (സി) പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ